മാതൃഭൂമി

Mathrubhumi Seed

FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 20 MAY 2023

# ആകാശപ്പച്ച

# CONTENTS




എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത


Cover photo: Shutterstock




# കൊഴിയാത്ത ഇലകൾ

**ആ**കാശപ്പച്ചയുടെ ഇരുപതാമത്തെ ലക്കമാണിത്. ഒരു ചെടിയിലെന്നപോലെ നിശ്ശബ്ദമായി ഇതിൽ ഓരോ ഇലയും വിടരുന്നു, എന്നാൽ ഒരിലയും കൊഴിയുന്നുമില്ല! ഈ ഇലകളുടെ നേർത്ത മർമരം വിദ്യാർഥികളും അധ്യാപകരും കേൾക്കുന്നു... ആശയങ്ങളുടെ നേർത്ത കാറ്റ് വിദ്യാലയങ്ങളിൽ പടരുന്നു... പ്രകൃതിക്കൊപ്പം നിൽക്കുന്നത് വലിയ ധൈര്യമാണ്... ഒരിക്കലും അത് നഷ്ടപ്പെടാതിരിക്കട്ടെ...

എഡിറ്റോറിയൽ

# മഴയെത്തും മുൻപേ...



മഴയും വെയിലുമൊക്കെ കനപ്പെടുകയും മയപ്പെടുകയും ചെയ്യുന്ന സമയത്തെക്കുറിച്ചുള്ള മുൻധാരണകളെല്ലാം മാറിമറിയുകയാണ്. ജൂൺ ആദ്യം കനത്ത മഴ തുടങ്ങുമെന്ന് ഇപ്പോൾ ഉറപ്പിച്ച് പറയാനാവില്ല. ഓഗസ്റ്റിൽ മുൻപില്ലാത്തവിധം അതിതീവ്രമഴ പെയ്യുന്നതും പതിവായിരിക്കുന്നു. കാലാവസ്ഥയിലുണ്ടാവുന്ന ഈ മാറ്റം കടലിലെ താപനില മാറിമറിയുന്നതിന്റെ ഫലമാണെന്നാണ് ശാസ്ത്രനിഗമനം. കടലിലായാലും കരയിലായാലും കാലാവസ്ഥാവ്യതിയാനത്തിന് ഇടയാക്കുന്ന എല്ലാ മാറ്റങ്ങൾക്കും കാരണം മനുഷ്യരാണ്. എല്ലാ വാതിലുകളും ജനലുകളും അടച്ച് സ്വയം ശ്വാസംകിട്ടാതെ പിടയുന്ന അവസ്ഥയാണ് മനുഷ്യർ സൃഷ്ടിക്കുന്നത്. ഈ അപകടം നമ്മൾ തിരിച്ചറിയുന്നുമില്ല. കാലാവസ്ഥാവ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ പ്രകൃതിദുരന്തങ്ങളായി മാത്രമല്ല, പലതരം രോഗങ്ങളായും ഭക്ഷ്യദൗർലഭ്യമായുമൊക്കെ ജീവസമൂഹത്തെ ബാധിക്കുമെന്ന് നമ്മൾ മറക്കരുത്.

# ഒഴുകട്ടേ... കുന്തിപ്പുഴ



പശ്ചിമഘട്ടത്തിൽ സ്ഥിതിചെയ്യുന്ന ദേശീയോദ്യാനമാണ് സൈലന്റ്‌വാലി. പാലക്കാട് ജില്ലയിലാണിത്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള ജൈവവൈവിധ്യമേഖലകളിലൊന്നാണ് ഇതെന്ന് കരുതപ്പെടുന്നു. ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷകനദിയായ കുന്തിപ്പുഴ സൈലന്റ്‌വാലി മലകളിലെ അഗിണ്ട മലകളിൽനിന്നാണ് ഉദ്ഭവിക്കുന്നത്. തുടക്കത്തിൽ ഇത് സൈലന്റ്‌വാലി നാഷണൽ പാർക്കിലെ ഉഷ്ണമേഖലാ നിത്യഹരിതവനങ്ങളിലൂടെയും പർവതപ്രദേശങ്ങളിലൂടെയും ഒഴുകുന്നു. ഇതിന്റെ ഇരുകരയിലും കുന്തിരിക്കവൃക്ഷങ്ങൾ ധാരാളമായി കാണപ്പെടുന്നു. 'കുന്തിരിക്കപ്പുഴ' എന്നത് ലോപിച്ചാണ് കുന്തിപ്പുഴ എന്ന പേര് വന്നത്. കേരളത്തിലെ ഏറ്റവും മാലിന്യം കുറഞ്ഞ പുഴയാണിത്. എന്നാൽ ഏറ്റവും കൂടുതൽ മാലിന്യം നിറഞ്ഞ പുഴയായിമാറിയാണ് പതനസ്ഥാനമായ അറബിക്കടലിൽ എത്തുന്നത്.

നിധിൻ ബേബി
ടീച്ചർ കോ ഓർഡിനേറ്റർ
സെന്റ് തോമസ് എൽ.പി. സ്കൂൾ
പുന്നത്തുറ, കോട്ടയം

# കുഴിച്ചെടുക്കുന്ന അപകടങ്ങൾ

ഖനനം നടക്കുന്ന പ്രദേശങ്ങളിലെ ഭൂപ്രകൃതിക്ക് രൂപഭേദം സംഭവിക്കുകയും ആവാസവ്യവസ്ഥയുടെ നഷ്ടം വ്യാപകമാകുകയും ചെയ്യുന്നു. ഖനനപ്രക്രിയമൂലം ഉണ്ടാകുന്ന പൊടി വായുമലിനീകരണത്തിന്റെ ഒരു പ്രധാന ഉറവിടമാണ്. ഖനനത്തിന് ഉപയോഗിക്കുന്ന വീര്യമേറിയ രാസവസ്തുക്കൾ ചുറ്റുമുള്ള ഭൂഗർഭജലവും ജലസ്രോതസ്സുകളും മലിനമാകുന്നതിന് കാരണമാകുന്നു. ക്വാറി സൈറ്റിലെ നിരന്തരമായ ഘോരശബ്ദങ്ങൾ ശബ്ദമലിനീകരണത്തിന് കാരണമാകുന്നു. സ്ഫോടകവസ്തുക്കൾ പൊട്ടുമ്പോഴുണ്ടാകുന്ന പ്രകമ്പനങ്ങൾ സമീപപ്രദേശവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നു. ഇടയ്ക്കിടെ അവിചാരിതമായി ഉണ്ടാകുന്ന ഉരുൾപൊട്ടലും ഭൂകമ്പങ്ങളും ഇതിന്റെ പരിണതഫലങ്ങളാണ്. ഗണ്യമായ അളവിൽ സൃഷ്ടിക്കുന്ന മാലിന്യവും വലിയൊരു വെല്ലുവിളിയാണ്. ആവോളം ഉപയോഗിച്ചശേഷം വലിച്ചെറിയപ്പെടുന്ന ഈ സ്ഥലങ്ങൾ മരണക്കെണികളായി അവശേഷിക്കുന്നു. ഇനിയും പ്രകൃതിയുടെ ഈ ദുർവിധി ക്കെതിരേ നാം കണ്ണുതുറക്കാതിരുന്നാൽ നമ്മളും വരുംതലമുറയും ഇതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരും, തീർച്ച.



ആൻഡ്രൂ ടെന്നിസൺ
ഗവ. എസ്.എൻ.ഡി.പി. യു.പി. സ്കൂൾ
പട്ടത്താനം, കൊല്ലം



# സൺ കോന്യൂർ

## Sun conure

അരറ്റിംഗ സോൾസ്റ്റിഷ്യാലിസ് എന്ന ശാസ്ത്രീയനാമമുള്ള സൺ കോന്യൂറുകളുടെ ഉദ്ഭവം വടക്കുകിഴക്കൻ ദക്ഷിണ അമേരിക്കയാണ്. പറക്കുമ്പോൾ പൊൻകിരണങ്ങൾപോലെ തോന്നുന്നതുകൊണ്ടാണ് ഇവർക്ക് സൺ കോന്യൂർ അഥവാ സൂര്യ തത്ത എന്ന പേര് ലഭിച്ചത്. കേരളത്തിലെ കാലാവസ്ഥ യിൽ ഇണങ്ങിച്ചേർന്ന് വളരുകയും പ്രജനനം നടത്തുകയും ചെയ്യുന്നതിനാൽ ഇവയെ കേരളത്തിൽ ധാരാളമായി വളർത്തു ന്നുണ്ട്. പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളുമാണ് പ്രധാന ഭക്ഷണം. ഏകദേശം 30 സെന്റിമീറ്റർ നീളവും 100 ഗ്രാമില ധികം ഭാരവുമുള്ള ഇവ ഏകദേശം 18 മാസംകൊണ്ടാണ് പൂർണവളർച്ചയെത്തുന്നത്. ഏകദേശം രണ്ടുവർഷമാവുമ്പോൾ മുട്ടയിടാൻതുടങ്ങും. 20 മുതൽ 30 വരെ വർഷമാണ് സൺ കോന്യൂറുകളുടെ ശരാശരി ആയുസ്സ്.

പി.പി. അഹമ്മദ്
പി.എം.എസ്.എ.പി.ടി.എസ്.
കൈക്കോട്ടുകടവ്
കാസർകോട്




മാതൃഭൂമി ആകാശപ്പച്ച
2023 മെയ്

സൂര്യ ഗായത്രി
പള്ളോട്ടി ഹിൽ പബ്ലിക് സ്കൂൾ
അഗസ്ത്യമുഴി, കോഴിക്കോട്

കൃഷിക്കാര്യം

# ജലസംരക്ഷണത്തിന് രാമച്ചക്കൃഷി



മണ്ണിന്റെ ജലാംശം നിലനിർത്താനുള്ള രാമച്ചത്തിന്റെ കഴിവ് നാം പലപ്പോഴും അറിയാതെപോകുന്നു. ഇതിന്റെ ആഴത്തിലുള്ള വേര് ജലത്തെഅന്തർഭാഗത്തേക്ക് കടത്തിവിടുന്നതിനും അതുവഴി ഭൂഗർഭജലത്തിന്റെ അളവ് വേനൽക്കാലത്തും കുറയാതെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നു. ഇവയുടെ വേരിൽനിന്ന് സംസ്കരിച്ചെടുക്കുന്ന എണ്ണ 'ഖസ് ഖസ്' ഓയിൽ എന്നറിയപ്പെടുന്നു. നല്ല നീർവാർച്ചയുള്ള പശിമയുള്ള മണ്ണ് ഇവയുടെ വളർച്ചയ്ക്ക് വളരെ ഉത്തമമാണ്. മാതൃസസ്യത്തിന്റെ ചുവട്ടിൽനിന്നുള്ള ചെറുതൈകൾ ഉപയോഗിച്ചാണ് രാമച്ചം കൃഷിചെയ്യുന്നത്. ജൂൺ, ജൂലായ് മാസങ്ങളാണ് തൈകൾ നടുന്നതിന് അനുയോജ്യം. പാകമെത്തിയ വേരുകൾ കുഴിച്ചെടുത്ത് നന്നായി കഴുകി അവയിലെ മണ്ണും മാലിന്യങ്ങളും നീക്കംചെയ്ത് ഉണക്കിയെടുത്ത് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. വേരുകൾ പ്രധാനമായും ദാഹശമനിയായി ഉപയോഗിക്കുന്നു. നിത്യോപയോഗസാധനങ്ങളായ വിശറി, പായ, ചെരിപ്പ്, സീറ്റ് കവർ, വാനിറ്റി ബാഗ്, എന്നിവ ഉണ്ടാക്കാനും രാമച്ചവേര് ഉപയോഗിക്കാറുണ്ട്.

നിത്യശ്രീ കെ.ഇ.
ജി.എച്ച്.എസ്.എസ്. മാത്തിൽ
കണ്ണൂർ

# പനിനീരലിയും പ്രകൃതി

*പൂക്കൾ പനിനീർ പൂക്കൾ*
*നീയും കാണുന്നുണ്ടോ*
*ഈണം... കിളിതൻ ഈണം..*
*നീയും കേൾക്കുന്നുണ്ടോ...*
*വന്നു നാം.. രണ്ടാളും..*
*ഇരുവഴിയേ.. ഇവിടെവരെ*
*പോരേണം നീ കൂടെ...*
*ഇനിയൊഴുകാം ഒരു വഴിയേ...*

നിവിൻ പോളി അഭിനയിച്ച 'ആക്ഷൻ ഹീറോ ബിജു' എന്ന സിനിമയിലെ ഗാനമാണിത്. സന്തോഷ് വർമയുടെ വരികൾക്ക് ജെറി അമൽദേവ് ഈണംനൽകി യേശുദാസും വാണി ജയറാമും ആലപിച്ചു. പനിനീർ പൂക്കളുടെ മനോഹാരിതയും കിളികളുടെ മധുരമായ ഈണവും പ്രണയവും ഇവിടെ ഇഴചേരുന്നു. അവ ഒന്നുചേർന്ന് ഒരു പുഴ പോലെ ഒഴുകുന്നതിന്റെ മാസ്മരികതയാണ് പാട്ടിനെ വേറിട്ടതാക്കുന്നത്.



അരുന്ധതി എസ്. മനോജ്
നാഷണൽ എച്ച്.എസ്.എസ്. വട്ടോളി
വടകര, കോഴിക്കോട്



# മൗണ്ട് തോർ


എവറസ്റ്റിന്റെ ആറിലൊന്ന് മാത്രം വലുപ്പമുള്ള കാനഡയിലെ ഒരു പർവതമാണ് മൗണ്ട് തോർ. എന്നാൽ പർവതാരോഹകരുടെ പേടിസ്വപ്നമാണ് ഇത്. കാരണം എന്താണെന്നല്ലേ? ലോകത്തെ ഏറ്റവും കുത്തനെ സ്ഥിതിചെയ്യുന്ന പർവതശിഖരമാണ് ഇത്. 1675 മീറ്ററാണ് ഉയരം. മറ്റ് പല പർവതങ്ങളെയുമപേക്ഷിച്ച് ഉയരം വളരെ കുറവാണ്. പക്ഷേ, മൗണ്ട് തോറിനെ വ്യത്യസ്തമാക്കുന്നത് ആകെയുള്ള ഉയരമല്ല, കുത്തനെയുള്ള ഭാഗത്തിന്റെ ഉയരമാണ്. ആകെ വലുപ്പത്തിൽ ഏതാണ്ട് 1250 മീറ്ററോളം ഉയരത്തിനുശേഷം കുത്തനെയുള്ള ഭാഗമാണ് മൗണ്ട് തോറിന്റേത്.

നിതിൻ രാജ്,
ഭാരത് ഇ.എം.യു.പി. സ്കൂൾ പൊയിനാച്ചി
കാസർകോട്

തെറ്റ് ശരി

# ചൂല് ശരീരത്തിൽ മുട്ടിയാൽ മെലിയുമോ?

**സാ**ധാരണമായി നാട്ടിൻപുറങ്ങളിൽ കേൾക്കുന്ന ഒരു പ്രയോഗമാണിത്. യഥാർഥത്തിൽ മെലിയുമോ? ഇല്ലേയില്ല. പിന്നെന്തിന് ഇങ്ങനെ പറയുന്നുവെന്നല്ലേ? മണ്ണും ചളിയും അടിച്ച് വൃത്തിയാക്കാൻ ഉപയോഗിക്കുന്ന ചൂല് ശരീരത്തിലും വസ്ത്രങ്ങളിലും മുട്ടിയാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ഒഴിവാക്കാനാണ് പണ്ടുള്ളവർ ഇങ്ങനെ പറഞ്ഞിരുന്നത്. ഏത് കാര്യവും ചെയ്യരുതെന്ന് പറഞ്ഞാൽ ചെയ്തുനോക്കുന്നവരാണല്ലോ നമ്മൾ. അതുകൊണ്ടുതന്നെ ചൂല് മുട്ടിയാൽ മെലിയും എന്നൊരു വിശ്വാസം പ്രചരിപ്പിച്ചു. ചൂല് ദേഹത്ത് മുട്ടിയാൽ മെലിയുമായിരുന്നെങ്കിൽ ലോകത്ത് തടി കുറയ്ക്കാൻ കഷ്ടപ്പെടുന്നവർക്കെല്ലാം ഇതൊരു അനുഗ്രഹമായേനെ!




ആദിത്ത് എം.
ഗാന്ധി സ്മാരക യു.പി. സ്കൂൾ
പാലക്കാട്



ലോകം എങ്ങനെ

# ആഫ്രിക്കൻ ഭൂഖണ്ഡം രണ്ടായി പിളരുമോ?

ലോകത്തെ രണ്ടാമത്തെ ഏറ്റവും വലിയ ഭൂഖണ്ഡമായ ആഫ്രിക്ക രണ്ടായി പിളരുന്നു! കെനിയ, സൊമാലിയ, ടാൻസാനിയ, എത്യോപ്യ, ജിബൂട്ടി ഉൾപ്പെടുന്ന ആഫ്രിക്കയുടെ കൊമ്പ് എന്ന് വിശേഷിപ്പിക്കുന്ന കിഴക്കുഭാഗമാണ് ആഫ്രിക്കയിൽനിന്ന് പിളർന്നുമാറുന്നത്. ആഫ്രിക്ക രണ്ട് ഭാഗങ്ങളായി വിഭജിക്കുന്നത് തുടർന്നാൽ പുതിയ സമുദ്രം ഉടലെടുക്കുമെന്ന് ശാസ്ത്രജ്ഞർ പറയുന്നു. ആഫ്രിക്കൻ ന്യൂബിയൻ, ആഫ്രിക്കൻ സൊമാലിയൻ, അറേബ്യൻ എന്നീ മൂന്ന് ടെക്റ്റോണിക് പ്ലേറ്റുകളുടെ അതിർത്തിയിലാണ് വിള്ളൽ രൂപപ്പെട്ടിരിക്കുന്നത്. ഒരു അപൂർവപ്രതിഭാസത്തിന് തുടക്കമാണിത്. 2013-ൽ എത്യോപ്യയുടെ മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ട 56 കിലോമീറ്റർ ആഫ്രിക്കൻ വിള്ളൽ, ഭൂഖണ്ഡത്തിന്റെ വിഭജനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് വിലയിരുത്തപ്പെടുന്നത്. ഏതാനും ദശലക്ഷം വർഷങ്ങൾക്കുള്ളിൽ ആഫ്രിക്ക രണ്ട് ഭാഗങ്ങളായി വിഭജിക്കപ്പെടാം. ചെങ്കടലും ഏദൻ ഉൾക്കടലും കൂടിച്ചേർന്ന് ഒരു പുതിയ സമുദ്രമായിമാറുകയും അബാർ മേഖലയിലൂടെ കിഴക്കൻ ആഫ്രിക്കൻ വാലിയിലേക്ക് ഒഴുകുകയും ആ ഭാഗം വേർതിരിയുമെന്നും പഠനങ്ങൾ പറയുന്നു.

ഫാത്തിമത്തുൽ അൻസില
ജി.എച്ച്.എസ്.എസ്. തൃശ്ശിലേരി, വയനാട്

പൂവറിവ്

# മിഡിൽ മിസ്റ്റ് റെഡ് ഫ്ളവർ











മിഡിൽ മിസ്റ്റ് റെഡ് ഫ്ളവർ ലോകത്തിലെ ഏറ്റവും അപൂർവമായ പുഷ്പങ്ങളിലൊന്നാണ്. ഇത് രണ്ട് സ്ഥലങ്ങളിൽ മാത്രമേ കാണാനാകൂ: ലണ്ടനിലും ന്യൂസീലൻഡിലും. സസ്യശാസ്ത്രജ്ഞനായ ജോൺ മിഡിൽ മിസ്റ്റാണ് ഈ ചെടി ചൈനയിൽ നിന്ന് ലണ്ടനിലേക്ക് കൊണ്ടുവന്നത്. ഈ അസാധാരണ പുഷ്പം പിങ്ക് റോസാപൂവിനോട് സാമ്യമുള്ളതാണ്.

ആൽന ഇ.ജെ.
മാതാ എച്ച്.എസ്.എസ്., തൃശ്ശൂർ

വർണച്ചിറക്

കവിത



# ജീവൻ

മാനം മുട്ടേ ഉയർന്നുനിൽക്കും
മാമല തൻ നെറുകയിൽ
മഴ പൊഴിയുമ്പോൾ
വെള്ളിക്കമ്പികൾ പോലെ
മെല്ലെ പൊഴിയുന്നു മഴത്തുള്ളികൾ...
കാർമേഘത്തിൻ ചിത്തിരത്തോണി
ഇറക്കിവയ്ക്കാൻ സമയമായി...
കുന്നിൻചരിവിലെ കിന്നരിപ്പുഴയോരം
നിറഞ്ഞു കാണാൻ കൊതിയായി
മഴയേ, നീ പൊഴിയുമ്പോൾ
മനസ്സിന്നറയിലെ മാന്ത്രികച്ചെപ്പ്
തുറന്നു പറഞ്ഞു,
മഴയേ... നീയെൻ ജീവൻ!



അർച്ചന രാജ്
ഗവ. യു.പി.എസ്. പൂഴിക്കാട്
പത്തനംതിട്ട






# കൂട്ടുകാർ

**ഹാ**യ്, എന്ത് രസം. കുഞ്ഞിപ്പൂമ്പാറ്റ കൺതുറന്ന് നോക്കിയപ്പോൾ കണ്ട കാഴ്ച അവളെ ഏറെ അദ്ഭുതപ്പെടുത്തി. അവൾ കുഞ്ഞിച്ചിറകുകൾ വിടർത്തി പറക്കാൻതുടങ്ങി. "വരൂ പറന്നുകളിക്കാം," അവൾ അണ്ണാറക്കണ്ണനെ വിളിച്ചു "ഛിൽ... ഛിൽ..." ചിലച്ചുകൊണ്ട് അവൻ ചാടിച്ചാടി പോയി. അവൾ പിന്നെയും പറന്നു. അതാ കുരുവിപ്പെണ്ണ്...



"വരുമോ? കളിക്കാൻ," കുഞ്ഞിപ്പൂമ്പാറ്റ ചോദിച്ചു. "കീ... കീ..." കരഞ്ഞുകൊണ്ട് കുരുവിപ്പെണ്ണ് പറന്നുപോയി. കുഞ്ഞിപ്പൂമ്പാറ്റയ്ക്ക് സങ്കടമായി. അവൾ അമ്മയുടെ അടുത്തെത്തി. "അമ്മേ... എന്നെപ്പോലെയല്ല എന്റെ കൂട്ടുകാർ. അതിൽ ചിലർഎന്നെക്കാൾ വലുതാണ്. ചിലർ ഓടുന്നു, ചിലർ ചാടുന്നു..." അമ്മ പറഞ്ഞു: "കുഞ്ഞേ, പ്രകൃതിയുടെ കരവിരുതുകളാണവയെല്ലാം. നമ്മളും അതിന്റെ ഒരു ഭാഗം മാത്രം. ഇനി നീ എന്തെല്ലാം കാണാനും കേൾക്കാനും ഉണ്ട്..." അമ്മ നല്കിയ പൂന്തേൻ കുടിച്ച് അവൾ സ്വപ്നംകണ്ട് ഉറങ്ങി.

സന്ധ്യ കെ. പിള്ള, ഹെഡ്മിസ്ട്രസ്
കരയോഗം യു.പി. സ്കൂൾ
പാവുക്കര, ആലപ്പുഴ



മാതൃഭൂമി
# ആകാശപ്പച്ച

വന്യജീവികൾ
പലപ്പോഴും
വലിയ പ്രശ്നക്കാരാവാറുണ്ട്;
പക്ഷേ, അതിലും
എത്രയോ വലുതായിരിക്കും
അവയില്ലാതായാൽ
ഉണ്ടാവുന്ന പ്രശ്നങ്ങൾ!

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.



Published by Mathrubhumi Seed